<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 494</u> <u>08-10-2024 - ൽ മറുപടിയ്ക്ക്</u>

## സർക്കാർ റെസിഡെൻഷ്യൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഹോസ്റ്റൽ വാർഡൻ ചുമതലയുള്ള അദ്ധ്യാപകരുടെ ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ റെസിഡെൻഷ്യൽ വിദ്യാഭ്യാസ/പരിശീലന സ്ഥാപനങ്ങളിലെ ഹോസ്റ്റൽ വാർഡൻ ചുമതലയുള്ള അദ്ധ്യാപകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകുമോ; | (എ) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിയമിതരാകുന്ന ഹോസ്റ്റൽ വാർഡൻ ചുമതലയുള്ള അദ്ധ്യാപകർക്ക് (മാനേജർ കം റസിഡന്റ് ട്യൂട്ടർ) പ്രത്യേക ആനുകൂല്യങ്ങൾ അനുവദിക്കുന്നില്ല. |
| (ബി) | സർക്കാർ റെസിഡെൻഷ്യൽ വിദ്യാഭ്യാസ/പരിശീലന സ്ഥാപനങ്ങളിലെ ഹോസ്റ്റൽ വാർഡൻ ചുമതലയുള്ള അദ്ധ്യാപകർ പ്രസ്തുത സ്ഥാപനങ്ങളിലെ ക്വാർട്ടേഴ്സിൽ താമസിക്കുമ്പോൾ ഇവരിൽ നിന്നും വീട്ടുവാടക ബത്ത ഈടാക്കാറുണ്ടോ; വിശദാംശങ്ങൾ നൽകുമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകുമോ? | (ബി) | ഹോസ്റ്റൽ വാർഡൻ ചുമതലയുള്ള അദ്ധ്യാപകർക്ക് (മാനേജർ കം റസിഡന്റ് ട്യൂട്ടർ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ക്വാർട്ടേഴ്സ് അനുവദിക്കുന്ന പക്ഷം 10/2/2021-ലെ സ.ഉ.(അ)നം. 27/2021/Fin (പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ്) പ്രകാരം വീട്ടുവാടക ബത്തയ്ക്ക് പുറമേ 50200-105300 ശമ്പള സ്കെയിലിനു മുകളിലുള്ളവരുടെ അടിസ്ഥാന ശമ്പളത്തിന്റെ 2% കൂടി ഈടാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ